REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ കണ്ണീരണിഞ്ഞ് ലോകം. ഭൗതികശരീരം നാളെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പൊതുദർശനത്തിന് വെക്കും.**
- **മാർപ്പാപ്പയുടെ വിയോഗത്തിൽ രാജ്യത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സൗദി അറേബ്യയിലേക്ക് യാത്ര തിരിക്കും.**
- **രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വയനാട് ജില്ലാതല യോഗം രാവിലെ കൽപ്പറ്റയിൽ.**
- **സൂപ്പർ കപ്പ് ഫുട്ബാളിൽ ഗോകുലം കേരള, FC ഗോവയോട് തോറ്റ് ടൂർണമെന്റിൽ നിന്ന് പുറത്തായി.**

## വാർത്തകൾ വിശദമായി

കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ കണ്ണീരണിഞ്ഞ് ലോകം. മാനവ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പകർന്നു നൽകിയ മാർപ്പാപ്പയുടെ വിയോഗത്തിൽ ലോകജനതയും നേതാക്കളും ദുഃഖം പങ്കുവെച്ചു.

മാർപ്പാപ്പയുടെ ഭൗതിക ദേഹം നാളെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പൊതുദർശനത്തിന് വെക്കും. സംസ്കാര തീയതിയും സമയവും നിശ്ചയിച്ചിട്ടില്ല. ഇക്കാര്യങ്ങൾ തീരുമാനിക്കാൻ കർദിനാൾമാരുടെ യോഗം ഇന്ന് വത്തിക്കാനിൽ ചേരും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്......

മുൻ മാർപ്പാപ്പമാർ അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കക്ക് പകരം, സെന്റ് മേരീസ് മേജർ ബസിലിക്കയിലായിരിക്കും ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരമെന്നാണ് റിപ്പോർട്ട്. സംസ്കാരം അവിടെ ആയിരിക്കണമെന്നും അന്തിമ കർമ്മങ്ങൾ ലളിതമായിരിക്കണമെന്നും മാർപ്പാപ്പ അഭിലാഷം അറിയിച്ചതിനെ തുടർന്നാണിത്. സംസ്കാര ശുശ്രൂഷകൾക്ക് കർദിനാൾ കെവിൻ ഫാരൽ നേതൃത്വം നൽകും.

മാർപാപ്പയുടെ സംസ്കാരച്ചടങ്ങിൽ പങ്കെടുക്കുമെന്ന് US പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു. പോപ്പിന്റെ മരണത്തെത്തുടർന്ന് ബ്രസീലിൽ ഏഴ് ദിവസം ദുഃഖാചരണം നടത്തുമെന്ന് പ്രസിഡന്റ് ലുല ഡ സിൽവ പറഞ്ഞു. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്ന് പ്രതിനിധി സംഘവും സംസ്കാര ചടങ്ങിനായി വത്തിക്കാനിലെത്തും.

ഇന്നലെ ഇന്ത്യൻ സമയം രാവിലെ 11.05ന് വത്തിക്കാനിലായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗം.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൽ രാജ്യത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്നും നാളെയും സംസ്കാര ദിനത്തിലുമായിരിക്കും ദേശീയ ദുഃഖാചരണം. ഈ ദിവസങ്ങളിൽ ഔദ്യോഗിക വിനോദ പരിപാടികൾ ഉണ്ടായിരിക്കില്ല. ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും.

✪✪✪

സഭയേയും സമൂഹത്തേയും പ്രപഞ്ചത്തേയും ഹൃദയത്തോട് ചേർത്ത് വെച്ച വലിയ ഇടയനായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പയെന്ന് കേരള കത്തോലിക് ബിഷപ്സ് കൗൺസിൽ വിലയിരുത്തി. പാവപ്പെട്ടവരുടേയും പാർശ്വവത്കരിക്കപ്പെട്ടവരുടേയും പാപ്പ എന്ന വിശേഷണം സ്വന്തമാക്കിയ അദ്ദേഹം പകരക്കാരനില്ലാത്ത ലോക നേതാവാണെന്നും കൗൺസിൽ അനുശോചന കുറിപ്പിൽ പറഞ്ഞു.

മാർപ്പാപ്പയുടെ വിയോഗത്തിൽ കേരള കത്തോലിക്കാ സഭ ഒമ്പത് ദിവസം ദുഃഖാചരണം നടത്തും. സഭയുടെ എല്ലാ ദേവാലയങ്ങളിലും ഈ മാസം 27ന് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് കത്തോലിക്കാ സഭ ആവശ്യപ്പെട്ടു.

മാനവ ജനതയെ പ്രത്യാശയുടെ മക്കളാക്കി തീർക്കാൻ കഠിനമായി പ്രയത്നിച്ച ആത്മീയ ആചാര്യനും ക്രാന്തദർശിയുമായിരുന്നു മാർപ്പാപ്പയെന്ന് കോഴിക്കോട് അതിരൂപതാ മെത്രാപൊലിത്താ വർഗ്ഗീസ് ചക്കാലയ്ക്കൽ പറഞ്ഞു.

മാർപ്പാപ്പയുടെ വേർപാടിലൂടെ ദൈവത്തിനും ദൈവ ജനത്തിനും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഇടയനെയാണ് ലോകത്തിന് നഷ്ടമായതെന്ന് താമരശ്ശേരി രൂപതാ അനുശോചന സന്ദേശത്തിൽ കുറിച്ചു.

✪✪✪

ഫ്രാൻസിസ് മാർ പാപ്പയുടെ വിയോഗത്തിൽ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും AICC ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയും അനുശോചിച്ചു. സഹാനുഭൂതിയുടെയും, നീതിയുടെയും സമാധാനത്തിന്റെയും ശബ്ദമായിരുന്നു മാർപ്പാപ്പയെന്ന് അവർ വിലയിരുത്തി.

✪✪✪

ഫ്രാൻസിസ് മാർപാപ്പ മനുഷ്യന്റെ വേദനകളിൽ ആകുലപ്പെട്ട ലോക നേതാവായിരുന്നുവെന്ന് മുസ്ലീംലീഗ് നേതാവ് ഡോ. MK മുനീർ പറഞ്ഞു. മതത്തിൽ ഉപരി മനുഷ്യനെ കുറിച്ച് പറയാൻ ഇഷ്ടപ്പെട്ട മഹത് വ്യക്തിയായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്ന് ഡോ. മുനീർ വിലയിരുത്തി.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സൗദി അറേബ്യയിലേക്ക് യാത്ര തിരിക്കും. സൗദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി, സൗദി അറേബ്യയുടെ വാണിജ്യ കേന്ദ്രമായ ജിദ്ദയിലെത്തുന്നത്.

വ്യാപാരം, ഊർജ്ജം, പ്രതിരോധം, എന്നിവയടക്കം മേഖലകളിൽ ഇന്ത്യയും സൗദി അറേബ്യയും തമ്മിൽ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനം വഴിയൊരുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇന്ത്യ സന്ദർശിക്കുന്ന US വൈസ് പ്രസിഡന്റ് JD വാൻസും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ തലങ്ങളിലെ പുരോഗതി ഇരുനേതാക്കളും വിലയിരുത്തി. രണ്ട് രാജ്യങ്ങൾക്കും ഉപകാരപ്രദമായ ഉഭയകക്ഷി വ്യാപാര കരാറിലെ പുരോഗതിയേയും അവർ സ്വാഗതം ചെയ്തു.

ഊർജ്ജം, രാജ്യ സുരക്ഷ, തന്ത്രപര സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ തുടർന്നും ശ്രമം ഉണ്ടാകണമെന്നും ചർച്ചയിൽ

ധാരണയായി. വാൻസിനും കുടുംബത്തിലും പ്രധാനമന്ത്രി വസതിയിൽ പ്രത്യേക വിരുന്നും ഒരുക്കിയിരുന്നു.

✪✪✪

രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വയനാട് ജില്ലാതല യോഗം രാവിലെ കൽപ്പറ്റയിൽ ചേരും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന യോഗം ചന്ദ്രഗിരി ഓഡിറ്റോറിയത്തിലാണ്. വൈകീട്ട് കൽപ്പറ്റയിൽ പുതിയ സ്റ്റാൻഡ് പരിസരത്ത് LDF റാലി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉദ്ഘാടനത്തിന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയനാണ് മുഖ്യ രക്ഷാധികാരി. മന്ത്രിമാരായ V ശിവൻകുട്ടി, സജി ചെറിയാൻ, GR അനിൽ എന്നിവർ രക്ഷാധികാരികൾ. മന്ത്രി VN വാസവനാണ് സ്വാഗതസംഘം ചെയർമാൻ.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.......

മെയ് രണ്ടിന് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത് ചരിത്ര മുഹൂർത്തത്തിനാണെന്ന് സ്വാഗത സംഘ രൂപീകരണ യോഗത്തിൽ മന്ത്രി VN വാസവൻ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് വിഴിഞ്ഞം തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നത്.

അതിശയിപ്പിക്കുന്ന മുന്നേറ്റമാണ് ഇതിനോടകം വിഴിഞ്ഞം തുറമുഖം നേടിയതെന്ന് മന്ത്രി വെളിപ്പെടുത്തി. 265ലേറെ കപ്പലുകളും അഞ്ചര ലക്ഷത്തോളം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖത്തിന് കഴിഞ്ഞു.

റെയിൽ-റോഡ് കണക്റ്റിവിറ്റിയാണ് ഇനി പൂർത്തിയാകാൻ ശേഷിക്കുന്നത്. റെയിൽ-റോഡ് പാതകളുടെ സാമൂഹ്യ ആഘാത പഠനവും പരിസ്ഥിതി ആഘാത പഠനവും അംഗീകരിച്ചു. ഭൂമി ഏറ്റെടുക്കാൻ നടപടികൾ ഉടൻ ആരംഭിക്കും. തുറമുഖത്തിന്റെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യുന്നതിനൊപ്പം രണ്ടാം ഘട്ടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും വാസവൻ അറിയിച്ചു.

✪✪✪

ഭുവനേശ്വറിലെ സൂപ്പർ കപ്പ് ഫുട്ബാളിൽ ഗോകുലം കേരള, FC ഗോവയോട് തോറ്റ് ടൂർണമെന്റിൽ നിന്ന് പുറത്തായി. മറുപടിയില്ലാത്ത മൂന്ന് ഗോളിനാണ് ഗോകുലം കേരളയുടെ തോൽവി. മറ്റൊരു മത്സരത്തിൽ പഞ്ചാബ്, ഒഡിഷ FC യെ മൂന്ന് ഗോളിനും പരാജയപ്പെടുത്തി.

ഇന്ന് കളിയില്ല. നാളെ വൈകീട്ട് 4.30ന് ബെംഗളൂരു, ഇന്റർ കാശിയെ നേരിടും. മറ്റൊരു മത്സരത്തിൽ മുംബൈസിറ്റി, ചെന്നൈയിൻ ടീമിനെ നേരിടും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്നലെ കൊൽക്കത്തയിൽ, ഗുജറാത്ത് ടൈറ്റൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്നെ തോൽപ്പിച്ചു. 39 റൺസിനാണ് ടൈറ്റൻസിന്റെ വിജയം.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ലക്നൗവിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

പ്രശസ്ത ഫുട്ബോൾ താരവും പത്മശ്രീ ജേതാവുമായ IM വിജയനെ ഇന്ന് തിരുവനന്തപുരത്ത് ആദരിക്കും. തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ മീഡിയ ഫുട്ബോൾ ലീഗ് സമാപന ചടങ്ങിൽ വൈകിട്ട് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് ആദരം. മന്ത്രി GR അനിലും മറ്റ് പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന സീനിയർ വോളിബോൾ നോർത്ത് സോൺ ചാമ്പ്യൻഷിപ്പ് കോഴിക്കോട് കോട്ടൂർ ഗ്രൗണ്ടിൽ MK രാഘവൻ MP ഉദ്ഘാടനം ചെയ്തു. കാസർകോട് , മുതൽ പാലക്കാട് വരെ ജില്ലകളിലെ പുരുഷ-വനിതാ ടീമുകൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ കോഴിക്കോട്ട് റിയൽ മലബാർ FC ക്ക് വിജയം. ഗോകുലം കേരള FC-യെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് റിയൽ മലബാർ FC തോൽപ്പിച്ചത്.

✪✪✪

2025 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരം നേടിയ തൃശൂർ മുളങ്കുന്നത്ത് കാവ് - KILA യെ മന്ത്രി MB രാജേഷ് അഭിനന്ദിച്ചു. തുടർച്ചയായ രണ്ടാം തവണയാണ് KILA ഈ പുരസ്കാരം നേടുന്നത്. പഞ്ചായത്ത് ക്ഷമത നിർമ്മാൺ സർവോത്തം സൻസ്താൻ പുരസ്കാരമാണ് KILA നേടിയത്.

✪✪✪

പെരുമ്പാവൂർ, ട്രാവൻകൂർ റയോൺസ് ഭൂമിയിൽ മലിനീകരണം വരുത്താത്ത ആധുനിക വ്യവസായങ്ങൾ ആരംഭിക്കുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. ഇലക്ട്രോണിക്സ് പാർക്ക് അടക്കം വ്യവസായങ്ങൾ വരുന്നതോടെ പെരുമ്പാവൂരിന്റേയും സംസ്ഥാനത്തിന്റേയും മുഖഛായ മാറുമെന്നും കിൻഫ്ര ഏറ്റെടുത്ത ഭൂമി സന്ദർശിച്ച ശേഷം മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വിവരാവകാശ അപേക്ഷകൾക്ക് അപൂർണ മറുപടി നൽകിയാൽ കർശന നടപടിയെടുക്കുമെന്ന് വിവരാവകാശ കമ്മീഷണർ TK രാമകൃഷ്ണൻ അറിയിച്ചു. അപേക്ഷകൾക്ക് മറുപടി നൽകാൻ 30 ദിവസ സമയപരിധി അവസാനിക്കാൻ കാത്തിരിക്കരുതെന്നും കൊല്ലം ആശ്രാമം ഗസ്റ്റ് ഹൗസിലെ സിറ്റിംഗിൽ അദ്ദേഹം നിർദേശിച്ചു.

✪✪✪

നിലമ്പൂർ ഉപ തെരഞ്ഞെടുപ്പിൽ പൊതു  സ്വതന്ത്ര സ്ഥാനാർത്ഥിയെ മത്സരിപ്പിക്കുന്നതിന്റെ സാധ്യതയും തള്ളാനാവില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം M സ്വരാജ് പറഞ്ഞു. നിലമ്പൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിരവധി പൊതു സ്വതന്ത്രരെ വിജയിപ്പിച്ച പാരമ്പര്യം പാർട്ടിക്കുണ്ടെന്നും സ്വരാജ് വിശദീകരിച്ചു.

✪✪✪

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ  സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഘട്ടങ്ങളായി അഗ്രോ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു. VFPCK കൊച്ചിയിൽ ആരംഭിച്ച തളിർ അഗ്രി ഹൈപ്പർ മാർക്കറ്റും, ടിഷ്യൂ കൾച്ചർ ലാബും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പൊക്കാളി കൃഷിയുടെ സംരക്ഷണത്തിന് പത്തു കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കർഷകർക്ക് പരിശീലനം നൽകാൻ നിർമ്മിച്ച മൈത്രി ട്രെയിനിങ് ആൻഡ് ഇൻഫർമേഷൻ സെന്ററും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയകൾക്ക് അത്യാധുനിക ഓപറേഷൻ തിയറ്ററുകൾ സജ്ജമായി. ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവെക്കുന്ന 14 ഓപറേഷൻ തിയറ്ററുകൾ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലാണ് പ്രവർത്തിക്കുന്നത്.

മെഡിക്കൽ കോളേജിൽ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു.വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നേരത്തെ നടത്തുന്നുണ്ട്.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team:സബിത ആനന്ദ്, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*